**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **13-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിൽ പുഴ സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നല്കിയിട്ടുണ്ട്; ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പുഴ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ മണ്ഡലത്തിൽ 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ 3 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. എസ്.ഡി.ആർ.എഫ്, ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വാർഡ്-7 പുറമണ്ണൂരിൽ തൂതപ്പുഴയുടെ വലതുകര സംരക്ഷണം - 20 ലക്ഷം രൂപ. 2. എസ്.ഡി.ആർ.എഫ്, ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കൊട്ടുമുടി വിഷ്ണുക്ഷേത്രത്തിനുസമീപം തിരുവേഗപ്പുറ പാലത്തിന് താഴ്ഭാഗത്ത് തൂതപ്പുഴയുടെ വലതുകര സംരക്ഷണം - 35 ലക്ഷം രൂപ. 3. എസ്.ഡി.ആർ.എഫ് കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ പേരശ്ശന്നൂർ പിഷാരിക്കൽ ദുർഗ്ഗാക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം -- 40 ലക്ഷം രൂപ. |
| (ബി) | ഭരണാനുമതിക്കായി നിലവിൽ എത്ര പ്രൊപ്പോസലുകൾ പെൻഡിങ് ഉണ്ടെന്ന് അറിയിക്കുമോ ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ? | (ബി) | ഭരണാനുമതിയ്ക്കായി ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (1) പ്രവൃത്തി - ഇരിമ്പിയം ഗ്രാമപഞ്ചായത്തിലെ വാർഡ് നം.4 ലെ തോണിക്കടവിൽ തൂതപ്പുഴയുടെ വലതുകര സംരക്ഷണം. - എസ്റ്റിമേറ്റ് തുക - 47 ലക്ഷം രൂപ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ